LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കുന്നതിന് വി.എഫ്.പി.സി.കെ.-ക്ക് അനുവാദം നൽകിയിട്ടുള്ളത്. ഉൽപ്പാദന യൂണിറ്റ് നിർമ്മിക്കുന്നതിന് ഇ-ടെൻഡർ ക്ഷണിക്കുകയും വി.എഫ്.പി.സി.കെ. ബോർഡ് തീരുമാനപ്രകാരം ഷീൽ ബയോടെക് ന്യൂഡൽഹിയുടെ ടെൻഡർ സ്വീകരിക്കുകയുമുണ്ടായി. സ്ഥലത്ത് ഭൂമി നിരപ്പാക്കൽ പ്രവർത്തനം മാത്രമേ നടത്തിയിട്ടുള്ളൂ. നിർമ്മാണ പ്രവർത്തനം ഒന്നുംതന്നെ ഇതുവരെയും നടന്നിട്ടില്ല.

കയ്യാട് കൃഷി സംരക്ഷണ പദ്ധതി

182 (1557) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം, ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നീ പരമ്പരാഗത കയ്യാട് കൃഷിയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് കെ.എൽ.ഡി.സി. (കേരള . ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ) സമർപ്പിച്ച പദ്ധതി റിപ്പോർട്ട് നബാർഡിന്റെ RIDF-XXI-ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കയ്യാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കയ്യാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ 1023.51 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുകയും ആയത് RIDF XXI-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 10-2-2016-ലെ സ.ഉ.(സാധാ.)നമ്പർ 104/16/കൃഷി പ്രകാരം പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

നാളികേര സംഭരണ സംവിധാനങ്ങൾ

183 (1558) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര സംഭരണത്തിന് സർക്കാർതലത്തിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ;